# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2468** **18.06.2014 ൽ മറുപടിയ്ക്ക്**

**<u>മുല്ലപ്പെരിയാർ ഉന്നതാധികാരി സമിതി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം. ഹംസ** | | **ശ്രീ. പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ ഉന്നതാധികാര സമിതിയിൽ റിട്ട. ജസ്റ്റീസ് ശ്രീ. കെ. ടി. തോമസ് സംസ്ഥാന പ്രതിനിധിയായിട്ടാണോ ഉൾപ്പെടുത്തപ്പെട്ടിരുന്നത്; | (എ) | ബഹു. സുപ്രീംകോടതി; മുല്ലപ്പെരിയാർ വിഷയത്തിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന കേസിൽ; 18.02.2010-ലെ ഉത്തരവിൽ ഒരു അഞ്ചംഗ ഉന്നതാധികാര സമിതി രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻെറ അടിസ്ഥാനത്തിൽ; ഉന്നതാധികാര സമിതി ചെയർമാനുമായി കൂടിയാലോചിച്ചശേഷം റിട്ട. ജസ്റ്റീസ് ശ്രീ. കെ.ടി.തോമസിനെ ഉന്നതാധികാര സമിതിയിലേക്ക് കേരളത്തിൽ നിന്നുള്ള അംഗമായി നാമനിർദ്ദേശം ചെയ്തിരുന്നു. |
| (ബി) റിട്ട. ജസ്റ്റീസ് ശ്രീ. കെ. ടി. തോമസിന്റെ അഭിപ്രായം സർക്കാരിന്റെ ഔദ്യോഗിക നിലപാടാണോ; വിശദാംശം നൽകുമോ; | (ബി) | മുല്ലപ്പെരിയാർ വിഷയത്തിൽ, തമിഴ്നാടിന് ജലം നൽകുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സുരക്ഷ പൂർണ്ണമായും സംരക്ഷിക്കപ്പെടണമെന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ കേസുമായി ബന്ധപ്പെട്ട് കേരളത്തിലെ സീനിയർ ഉദ്യോഗസ്ഥർ, റിട്ട. ജസ്റ്റീസ് |

ശ്രീ. കെ.ടി. തോമസിനെ യഥാസമയം നേരിൽക്കണ്ട് വസ്തുതകൾ കൃത്യമായി ബോദ്ധ്യപ്പെടുത്തുകയും കേരളത്തിന്റെ വാദങ്ങൾക്ക് അടിസ്ഥാനമായ എല്ലാ രേഖകളും അദ്ദേഹത്തിന് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ റിട്ട. ജസ്റ്റീസ് ശ്രീ. കെ.ടി. തോമസു കൂടി അംഗമായിട്ടുള്ള ഉന്നതാധികാര സമിതി; അണക്കെട്ട് സുരക്ഷിതമല്ലെന്നുള്ള കേരളത്തിന്റെ വാദത്തെ അംഗീകരിക്കുന്ന നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്.

(സി) മുല്ലപ്പെരിയാർ കേസിൽ വിജയം നേടാൻ വേണ്ടരീതിയിൽ വാദമുഖങ്ങൾ അവതരിപ്പിച്ചിരുന്നുവോ;വിശദാംശം ലഭ്യമാക്കുമോ;

(സി) മുല്ലപ്പെരിയാർ കേസിൽ വിജയം നേടാൻ വേണ്ട രീതിയിൽ വാദമുഖങ്ങൾ അവതരിപ്പിച്ചിരുന്നു. മുല്ലപ്പെരിയാർ അണക്കെട്ട് ഹൈഡ്രോളജിക്കലായും, സ്ട്രക്ച്ചറലായും സുരക്ഷിതമല്ലെന്ന് സ്ഥാപിക്കുന്നതിന് വസ്തുതകളുടെയും, ശാസ്ത്രീയപഠനങ്ങളുടെയും പിൻബലത്തോടുകൂടിയ വാദമുഖങ്ങളുമായാണ് കേരളം കേസിനെ നേരിട്ടത്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മതിയായ തെളിവുകളുടെ അടിസ്ഥാനത്തിൽ ബഹു. കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികളും കേരളം സ്വീകരിച്ചിരുന്നു. ബഹു. സുപ്രീംകോടതി നിയോഗിച്ച Empowered Committee യുടെ കണ്ടെത്തലുകളിൽ ഉണ്ടായിട്ടുള്ള പാളിച്ചകൾ വിശകലനം ചെയ്ത ശേഷം കോടതിയിൽ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് submission file ചെയ്യുകയുമുണ്ടായി. എന്നാൽ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിനെ പൂർണ്ണമായും

വിശ്വാസത്തിൽ എടുത്തുകൊണ്ടാണ് ബഹു. കോടതി തുടർ നടപടി സ്വീകരിച്ചിട്ടുള്ളത്. കേസിൻെറ നടത്തിപ്പിനായി കേരളം പ്രഗത്ഭരായ അഭിഭാഷകരെയാണ് നിയോഗിച്ചിരുന്നത്. കേസിൻെറ നടത്തിപ്പിനും വിജയത്തിനുമായി സാദ്ധ്യമായ എല്ലാ നടപടികളും കേരളം സ്വീകരിച്ചിരുന്നുവെങ്കിലും; കേരളത്തിൻെറ വാദമുഖങ്ങൾ ബഹു. കോടതി കണക്കിലെടുത്തില്ല. കേരളത്തിൻെറ അഭിഭാഷകരുടെ വാദങ്ങളുടെ അടിസ്ഥാനത്തിൽ കേസിൻെറ വിചാരണവേളകളിൽ ബഹു. കോടതി പലപ്പോഴും തമിഴ്നാടിനെതിരായി പരാമർശങ്ങൾ നടത്തിയിരുന്നു. നിർഭാഗ്യവശാൽ അന്തിമവിധിയിൽ, കേരളത്തിൻെറ വാദങ്ങളൊന്നും തന്നെ പരിഗണിക്കപ്പെട്ടില്ലായെന്നുള്ള അനുഭവമാണുണ്ടായിട്ടുള്ളത്.

| | | |
|---|---|---|
| (ഡി) മുല്ലപ്പെരിയാർ ഡാമിന് എന്തെങ്കിലും സംഭവിച്ചാലും ഇടുക്കി ഡാം അത് ചെറുത്തുനില്ക്കും എന്ന സ്റ്റേറ്റ്മെന്റ് അഡ്വ. ജനറൽ ഏതെങ്കിലും ഫോറത്തിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ ? | (ഡി) | ഇടുക്കി ഡാമിലെ ജലനിരപ്പ് കുറഞ്ഞ് നിന്ന സാഹചര്യത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലം ഉൾക്കൊള്ളാൻ ഇടുക്കി ഡാമിനു കഴിയും എന്ന നിലയ്ക്കാണ് ഒരു ചോദ്യത്തിന് ഉത്തരമായി അഡ്വക്കേറ്റ് ജനറൽ പറഞ്ഞത്. |

സെക്ഷൻ ഓഫീസർ